**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2138** **30-09-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം അറിയിക്കാമോ; | (എ) | 2011 -ലെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 110 പ്രകാരം കേരളത്തിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ 2012-ൽ നിലവിൽ വന്നിട്ടുള്ളതാണ്. സംസ്ഥാന തലത്തിലും (State Police Complaints Authority) ജില്ലാ തലത്തിലും (District Police Complaints Authority) പ്രസ്തുത അതോറിറ്റികൾ നിലവിലുണ്ട്. എസ്.പി റാങ്കിന് തുല്യമായോ മുകളിലോ ഉള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഉന്നയിക്കപ്പെടുന്ന പെരുമാറ്റ ദൂഷ്യവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും കൂടാതെ കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗിക ഉപദ്രവം നടത്തുന്നതോ, ഏതെങ്കിലും വ്യക്തിയെ കൊലപ്പെടുത്തുന്നതോ, അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയെ കഠിന ദേഹോപദ്രവം ഏൽപ്പിക്കുകയോ, ബലാൽസംഗം ചെയ്യുകയോ മറ്റ് ഗുരുതര കുറ്റം ചെയ്തതായി ആരോപണം ഉണ്ടാകുന്ന ഇതര റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ ഉള്ള പരാതികൾ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ പരിശോധിക്കുകയും അന്വേഷണം നടത്തുകയും ചെയ്യാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>ഡി.വൈ.എസ്.പി റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണങ്ങൾ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനും ജില്ലാ പോലീസ് കംപ്ളയിന്റ് അതോറിറ്റികൾ നിലവിലുണ്ട്.<br><br>2012 ഫെബ്രുവരി 22-ാം തീയതിയാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി പ്രവർത്തനമാരംഭിച്ചത്. റിട്ട. ഹൈക്കോടതി ജഡ്ജി ചെയർ പേഴ്സണായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം) എ.ഡി.ജി.പി. (ഹെഡ്ക്വാർട്ടേഴ്സ്) എന്നിവർ ഔദ്യോഗിക അംഗങ്ങളായും കൂടാതെ രണ്ട് അനൗദ്യോഗിക അംഗങ്ങളും ചേർന്നതാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി. അതോറിറ്റി യുടെ പ്രവർത്തനങ്ങൾ അതോറിറ്റി തന്നെ കാലാകാലങ്ങളിൽ യോഗം ചേർന്ന് വിലയിരുത്താറുണ്ട്. യോഗ തീരുമാനങ്ങൾ യഥാസമയം ഔദ്യോഗിക അംഗങ്ങൾ ഉൾപ്പെടെ എല്ലാവരും അറിയാറുണ്ട്. ഈ അതോറിറ്റിയിൽ സമർപ്പിക്കുന്ന പരാതികളിൽ കേരള പോലീസ് ആക്ട് 2011 പ്രകാരം അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്ന പരാതികൾ 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റി) ചട്ടങ്ങൾ പ്രകാരം പരിശോധിച്ച് കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തു വരുന്നു. ഈ വിധം വളരെ കാര്യക്ഷമമായാണ് സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റി/ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റി പ്രവർത്തിക്കുന്നത്. |
| (ബി) | പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2012 ഫെബ്രുവരി 22-ാം തീയതി സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി നിലവിൽ വരികയുണ്ടായി. 2017-ൽ ജസ്റ്റിസ് വി.കെ. മോഹനൻ ചെയർപേഴ്സൺ ആയി അധികാര മേൽക്കുകയുണ്ടായി. തുടർന്ന് ചെയർപേഴ്സന്റെ നിർദ്ദേശമനുസരിച്ച് അതോറിറ്റി സർക്കാരിൽ നിർദ്ദേശ |

| | | | |
|---|---|---|---|
| | | | ങ്ങൾ സമർപ്പിക്കുകയും 2019-ൽ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടം പ്രാബല്യത്തിൽ വരികയും ചെയ്തു. 2017 വരെ അതോറിറ്റിയുടെ ഭരണപരമായ കാര്യങ്ങളിൽ ചെയർപേഴ്സൺ ആണ് ഉത്തരവ് നൽകിയിരുന്നത്. ഹൈക്കോടതിയിൽ ഉള്ളതുപോലെ; അഞ്ച് അംഗങ്ങളും ഉൾപ്പെടുന്ന ഭരണസമിതി രൂപീകരിക്കുകയും കാലാകാലങ്ങളിൽ യോഗം ചേർന്ന് ജനാധിപത്യപരമായി ഭൂരിപക്ഷ തീരുമാനത്തിനനുസരിച്ച് നയപരവും ഭരണപരവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുമാണ് ചെയ്തു വരുന്നത്.<br><br>സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി എന്നാൽ ചെയർപേഴ്സണും ഔദ്യോഗിക അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ അഞ്ച് പേര് അടങ്ങുന്നതാണെന്നും ചെയർപേഴ്സൺ ഒറ്റയ്ക്കോ, മെമ്പർമാർക്ക് ഒറ്റയ്ക്കോ വിധി പറയാൻ കഴിയില്ലെന്ന് 05.04.2018-ൽ ജസ്റ്റിസ് സി.എ. ചാലി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ചെയർപേഴ്സൺ ആയ ജസ്റ്റിസ് വി.കെ. മോഹനൻ സർക്കാരിന് നൽകിയ ശിപാർശ കണക്കിലെടുത്ത് ചെയർ പേഴ്സണ് ഒറ്റയ്ക്കോ അല്ലെങ്കിൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന മെമ്പർക്ക് ഒറ്റയ്ക്കോ അതല്ലെങ്കിൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന ബഞ്ചിനോ വിധി പുറപ്പെടുവിക്കാമെന്ന നിയമ ഭേദഗതി സർക്കാർ വരുത്തി. നിലവിൽ ചെയർപേഴ്സണും അനൗദ്യോഗിക അംഗങ്ങൾക്കും ജില്ല തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. അങ്ങനെ സുതാര്യവും ലളിതവുമായ രീതിയിലാണ് അതോറിറ്റി പ്രവർത്തനം കാര്യക്ഷമമായി നടത്തി വരുന്നത്. |
| (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസുദ്യോഗസ്ഥർക്കെതിരെ ലഭിച്ച പരാതികളുടെ എണ്ണം എത്രയെന്നും എത്ര റിപ്പോർട്ടുകൾ സർക്കാരിന് നൽകിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും തീർപ്പാക്കിയ പരാതികളിൽ എത്ര അപ്പീലുകൾ ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (സി) | <u>**സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി**</u> :-<br><br>പോലീസ് സൂപ്രണ്ടും അതിനുമുകളിലുള്ള ഉദ്യോഗസ്ഥർക്കെതിരായ എല്ലാ തരത്തിലുമുള്ള നടപടി ദൂഷ്യത്തെ പ്പറ്റിയുള്ള പരാതികളും കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ മരണത്തിന് കാരണമാകൽ അല്ലെങ്കിൽ ഏതെങ്കിലും ആളെ ഗുരുതരമായി പരിക്കേൽപ്പിക്കൽ അല്ലെങ്കിൽ ബലാൽസംഗം എന്നിവ സംബന്ധിച്ചും എല്ലാ പദവികളിലുമുള്ള ഉദ്യോഗസ്ഥർക്ക് എതിരെയുള്ള ഗുരുതര സ്വഭാവത്തിലുള്ള പരാതികളുമാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി പരിശോധിക്കുന്നത്.<br><br>മേൽ വിവരിച്ചതല്ലാത്ത നടപടി ദൂഷ്യങ്ങൾ പരിശോധിക്കുന്നത് ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി കളാണ്. ഈ വിധം, ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ മാത്രം പരിഗണിക്കേണ്ട പരാതികളും ഈ അതോറിറ്റി മുമ്പാകെ ലഭിക്കാറുണ്ട്. അത്തരം കേസുകളിൽ ബന്ധപ്പെട്ട ജില്ലാ അതോറിറ്റികളെ സമീപിച്ച് പരിഹാരം കാണുവാൻ നിർദ്ദേശിച്ചു വരുന്നു. സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പരിധിയിൽ വരുന്ന പരാതികൾ ഒ.പി.ആയി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. അപ്രകാരം 25.05.2016 മുതൽ 22.09.2025 വരെ 3043 ഒ.പി. കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 2982 കേസുകൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്വേഷണത്തിൽ കുറ്റം തെളിയുന്ന കേസുകളിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ശിപാർശകൾ അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം) / സംസ്ഥാന പോലീസ് മേധാവി / മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ മുതലായവർക്ക് നൽകാറുണ്ട്.<br><br>ഒരു പരാതിയിന്മേൽ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ അതിന്മേൽ ക്ലറിക്കലോ അല്ലെങ്കിൽ കണക്കുകളിലോ ഉള്ള തിരുത്തലുകൾ ഒഴികെ മറ്റൊരു തിരുത്തലും പുന:പരിശോധനയും നടത്തുവാൻ പാടുള്ളതല്ലായെന്ന് 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടത്തിൽ വ്യവസ്ഥ |

ചെയ്തിട്ടുണ്ട്. ടി അതോറിറ്റി പുറപ്പെടുവിക്കുന്ന ഉത്തരവുകളിൻ മേലോ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി തീർപ്പാക്കിയ കേസുകളിന്മേലോ അപ്പീൽ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്കോ നൽകുവാൻ വ്യവസ്ഥയില്ല. സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി പുറപ്പെടുവിച്ച ഉത്തരവിന്മേൽ സർക്കാരിലേയ്ക്കും അപ്പീൽ നൽകാൻ നിയമ വ്യവസ്ഥയില്ല. അച്ചടക്ക നടപടിയുടെ ഭാഗമായി സ്റ്റേറ്റ് പോലീസ് ചീഫോ വകുപ്പുതല ഉദ്യോഗസ്ഥരോ പുറപ്പെടുവിക്കുന്ന നടപടി ക്രമങ്ങൾക്കെതിരെ സർവ്വീസ് നിയമ പ്രകാരം സർക്കാരിൽ അപ്പീൽ നൽകാൻ കഴിയുമെന്നേ ഉള്ളൂ.

**<u>ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി, ദക്ഷിണ മേഖല കോട്ടയം</u>**

ദക്ഷിണ മേഖലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ കീഴിൽ വരുന്ന 6 ജില്ലകളിലും കൂടി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആകെ ലഭിച്ച പരാതികൾ, തീർപ്പാക്കിയവ, അപ്പീലുകൾ എന്നിവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ ലഭിച്ച പരാതികൾ | ആകെ തീർപ്പാക്കിയ പരാതികൾ | ആകെ അപ്പീലുകൾ |
|---|---|---|---|
| 2016 | 746 | 689 | 0 |
| 2017 | 590 | 538 | 2 |
| 2018 | 496 | 351 | 0 |
| 2019 | 391 | 272 | 0 |
| 2020 | 334 | 178 | 0 |
| 2021 | 384 | 159 | 0 |
| 2022 | 328 | 85 | 0 |
| 2023 | 485 | 107 | 0 |
| 2024 | 327 | 34 | 1 |
| 2025 | 374 | 9 | 1 |
| ആകെ | 4455 | 2422 | 4 |

**<u>ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി, ഉത്തര മേഖല, കോഴിക്കോട്</u>**

| ജില്ല | ലഭിച്ച പരാതികളുടെ എണ്ണം | പോലീസ് ഉദ്യോഗസ്ഥർ ക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ച കേസുകളുടെ എണ്ണം |
|---|---|---|
| എറണാകുളം | 880 | 0 |
| തൃശ്ശൂർ | 707 | 6 |
| പാലക്കാട് | 360 | 0 |

| | | |
|---|---|---|
| **മലപ്പുറം** | **458** | **3** |
| **കോഴിക്കോട്** | **572** | **0** |
| **വയനാട്** | **256** | **0** |
| **കണ്ണൂർ** | **263** | **0** |
| **കാസറഗോഡ്** | **140** | **0** |
| **ആകെ** | **3636** | **9** |

| | | | |
|---|---|---|---|
| (ഡി) | പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ ശിപാർശകളിൽ സർക്കാർ കൃത്യമായി നടപടി സ്വീകരിക്കുന്നില്ലായെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ; | (ഡി) | സാധാരണ ഗതിയിൽ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി സ്റ്റേറ്റ് പോലീസ് ചീഫിനും വകുപ്പിനും ആണ് ശിപാർശകൾ നൽകുന്നത്. സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി നിലവിലുള്ള നിയമ പ്രകാരം സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. |
| (ഇ) | പോലീസ് മർദ്ദനം, കസ്റ്റഡി മരണം തുടങ്ങിയ ഗൗരവമേറിയ കുറ്റങ്ങളിൽ സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള അധികാരം പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് നൽകണമെന്ന ആവശ്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | സാധാരണ ഗതിയിൽ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി സ്റ്റേറ്റ് പോലീസ് ചീഫിനും വകുപ്പിനും ആണ് ശിപാർശകൾ നൽകുന്നത്. സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി നിലവിലുള്ള നിയമ പ്രകാരം സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ